File No.DCKNR/11407/2016-C4

**കണ്ണൂർ ജില്ലാ കലക്ടറുടെ ലെ DCKNR/11407/2016-C4 നമ്പർ നടപടിക്രമം**

Dated : 12.9.17

(ഹാജർ: മിർ മുഹമ്മദ് അലി . ഐ.എ.എസ് )

വിഷയം: തലശ്ശേരി താലൂക്കിൽ തുപ്പങ്ങോട്ടൂർ വില്ലേജിൽ എസ്.വി സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സ്ഥലമേറ്റെടുപ്പ് - സമുചിത സർക്കാർ തീരുമാനം പുറപ്പെടുവിക്കുന്നതുസംബന്ധിച്ച്

സൂചന: 1) ചീഫ് മാനേജർ, ഗെയിൽ (ഇന്ത്യാ) ലിമിറ്റഡിന്റെ 07.12.16 ലെ അർത്ഥനാപത്രം
2) റവന്യൂ (ബി) വകുപ്പിന്റെ 29.6.16 ലെ ജി.ഒ (പി) 376/2016 /ആർ.ഡി നമ്പർ ഉത്തരവ്.
3) ചെയർമാൻ, സാമൂഹ്യപ്രത്യാഘാത പഠനയൂണിറ്റ് (കയ്റോസ്) സമർപ്പിച്ച 15.06.17 തീയതിയിലെ റിപ്പോർട്ട്.
4) 24.08.17ലെവിദഗ്ധ സമിതി റിപ്പോർട്ട്

കണ്ണൂർ ജില്ല തലശ്ശേരി താലൂക്കിൽ തുപ്പങ്ങോട്ടൂർ വില്ലേജിൽ ഗെയിൽ വാതകപദ്ധതിക്കായി എസ്.വി സ്റ്റേഷൻ നിർമ്മിക്കുന്നതിനായി കടവത്തൂർ ദേശത്ത് റി.സ.158/7,158/8,158/9,158/10 എന്നീ സർവെ നമ്പറുകളിൽ പെട്ട 0.2474 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി സൂചന (1) പ്രകാരം ചീഫ് മാനേജർ, ഗെയിൽ (ഇന്ത്യാ) ലിമിറ്റഡ് അർത്ഥനാപത്രം സമർപ്പിച്ചിരുന്നു. 200 ആർ വിസ്തീർണം വരെയുള്ള ഭൂമി ഏറ്റെടുക്കുന്ന സംഗതികളിൽ അതാത് ജില്ലാ കലക്ടർമാരെ സമുചിത സർക്കാരായി സൂചന (2) സർക്കാർ ഉത്തരവ് പ്രകാരം പ്രഖ്യാപിച്ചിട്ടുള്ളതിനാൽ RFCTLARR ആക്ട് പ്രകാരമുള്ള സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനം (social Impact Assessment Study) നടത്തുന്നതിനായി കയ്റോസ്- കണ്ണൂർ എന്ന ഏജൻസിയെ നിയോഗിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചന (3) പ്രകാരം പ്രസ്തുത ഏജൻസി റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. RFCTLARR ആക്ട് സെക്ഷൻ 7(1) പ്രകാരം സാമൂഹ്യപ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ധഗ്രൂപ്പിനെ നിയോഗിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചന (4) പ്രാകാരം വിദഗ്ധഗ്രൂപ്പ് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയുണ്ടായി.

വിദഗ്ധസമിതി 22.07.17, 28.07.17 എന്നീ തീയതികളിൽ യോഗം ചേർന്ന് സാമൂഹ്യപ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുകയും പദ്ധതി പ്രദേശം നേരിട്ട് സന്ദർശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

1) ഭൂമി ഏറ്റെടുക്കൽ ഒരു പൊതു ആവശ്യത്തിനായാണ്.
2) നിശ്ചയിച്ച സ്ഥലമല്ലാതെ മറ്റൊരു സ്ഥലം കണ്ടെത്തേണ്ട ആവശ്യമില്ല.
3) കൃഷിക്കോ തൊഴിലിനോ വരുമാനത്തിനോ ആഘാതമൊന്നും സംഭവിക്കുന്നില്ല.
4) സുരക്ഷ സംബന്ധിച്ച സ്ഥലവാസികളുടെ ആശങ്ക പരിഹരിക്കുന്നതിനായി ആവശ്യമായ ബോധവല്ക്കരണം നടത്തേണ്ടതാണ്.

വിദഗ്ധസമിതിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിലും ഭൂമി ഏറ്റെടുക്കൽ ഒരു പൊതു ആവശ്യത്തിനാണെന്ന് ബോധ്യപ്പെട്ടതിനാലും ടി ആവശ്യത്തിന് അനുയോജ്യമായ മറ്റ് സ്ഥലം ലഭ്യമല്ലാത്തതിനാലും പൈപ്പ് ലൈനിന്റെ സുരക്ഷക്കും പ്രാദേശിക വിതരണത്തിനും എസ്.വി സ്റ്റേഷൻ സ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിതമാകയാലും തുപ്പങ്ങോട്ടൂർ വില്ലേജിൽ കടവത്തൂർ ദേശത്ത് റി.സ.158/7,158/8,158/9,158/10 എന്നീ സർവെ നമ്പറുകളിൽ പെട്ട 0.2474 ഹെക്ടർ ഭൂമി ഗെയിൽ വാതകപദ്ധതിക്കായി എസ്.വി സ്റ്റേഷൻ നിർമ്മിക്കുന്നതിന് RFCTLARR ആക്ടിലെ വകുപ്പുകൾക്കും ചട്ടങ്ങൾക്കും വിധേയമായി ഏറ്റെടുക്കുന്നതിനായി സമുചിത സർക്കാർ എന്ന നിലയിൽ ഇതിനാൽ ഉത്തരവാകുന്നു.

സ്ഥലവാസികളുടെ ആശങ്ക പരിഹരിക്കുന്നതിനായി ആവശ്യമായ ബോധവല്ക്കരണം ഗെയിൽ അധികൃതർ നടത്തേണ്ടതാണ്.

മിർ മുഹമ്മദ് അലി . ഐ.എ.എസ്
ജില്ലാകലക്ടർ

File No.DCKNR/11407/2016-C4

To
1. സബ് കലക്ടർ, തലശ്ശേരി
2.തഹസിൽദാർ, തലശ്ശേരി
3. സ്പെഷ്യൽ തഹസിൽദാർ (എൽ.എ) തലശ്ശേരി
4.സെക്രട്ടറി , തൃപ്പങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്
5. വില്ലേജ് ഓഫീസർ, തൃപ്പങ്ങോട്ടൂർ
6. ചീഫ് മാനേജർ, ഗെയിൽ (ഇന്ത്യാ) ലിമിറ്റഡ്.
7. ഫയൽ

Signature valid

Digitally signed by
MOHAMMED AL
Date: 2 7.09.1 :23:24 IST
Reason: